**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 576** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സിറിയക് തോമസ്

ശ്രീ. റോണി. കെ. ബേബി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സഹകാരികൾക്കുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** നിക്ഷേപിച്ച പണം തിരികെ കിട്ടാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന നിക്ഷേപകരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുമോ;

**<u>മറുപടി:</u>** നിക്ഷേപിച്ച പണം തിരികെ കിട്ടാതെ ബുദ്ധിമുട്ട് അനുഭവിക്കുന്ന നിക്ഷേപകരെ സഹായിക്കാൻ വേണ്ടി കേരളാ സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 നടപ്പിലാക്കിയിട്ടുണ്ട്.

1969 ലെ കേരള സഹകരണ സംഘം നിയമം പ്രകാരം നിക്ഷേപകരെ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച വരുന്ന കേരളാ സഹകരണ ഗ്യാരന്റി സ്കീം 2018 ൽ അംഗങ്ങളായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകൻ സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം ലിക്വിഡേഷൻ നടപടികളിലുള്ള ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകൻ നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, മുതലിനത്തിൽ പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്ത് സർക്കാരിന്റെ 09.01.2026 ലെ G.O.(P) No.09/2026/Co-opനമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

കൂടാതെ വിവിധ കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ലിക്വിഡേഷനിലല്ലാത്ത സംഘങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ ആവശ്യമായ ഭോദഗതി കൊണ്ടുവരുന്ന കാര്യവും ആലോചിച്ചുവരുന്നു.

**(സി)** ഇത്തരം ക്രമക്കേടുകൾ നടത്തിയവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഇത്തരം ക്രമക്കേടുകൾ നടത്തിയവർക്കെതിരെ 1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരവും, ക്രിമിനൽ നിയമ പ്രകാരവുമുള്ള ഉചിതമായ നടപടികൾ യഥാസമയം സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**